# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 14

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി-2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ഡിസംബർ ആറുമുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2008/2019)

മൂന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 11 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2009/2019)

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിനു കീഴിലുള്ള സ്ഥാപനങ്ങളിലെയും മൂന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷ ഡിസംബർ ഒൻപതിന് നടക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2010/2019)

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ റീഅപ്പിയറൻസ്) നവംബർ 2019 പരീക്ഷകൾ നവംബർ 27 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/2011/2019)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എഡ്. സ്പെഷൽ എജ്യൂക്കേഷൻ ഇന്റലക്ച്വൽ ഡിസെബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 18ന് മൂവാറ്റുപുഴ നിർമലസദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷൽ എജ്യൂക്കേഷനിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2012/2019)

## വൈവാവോസി

ഒന്നാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ) നവംബർ 2019 പരീക്ഷയുടെ വൈവാവോസി നവംബർ 15 മുതൽ 20 വരെ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2013/2019)

## സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്; ഉപവരണാധികാരികളെ നിയമിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ 2018-2019 എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പിന്റെ ഉപവരണാധികാരികളായി ബാബുരാജ് എ. വാരിയർ, ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്), ജെസി ജോൺ, അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്) എന്നിവരെ നിയമിച്ചു.

(പി.ആർ.ഒ/39/2014/2019)

## മെച്ചപ്പെട്ട ഭരണനിർവഹണത്തിനും നയരൂപവത്ക്കരണത്തിനും പ്രഥമ പരിഗണന പൊതുജനങ്ങൾക്കായിരിക്കണം; ഡോ. ജോൺ സാമുവേൽ

ജനാധിപത്യ സർക്കാരുകൾ നിയന്ത്രിത പരീക്ഷണശാലകളിലെ സാമൂഹ്യ-അവലോകനത്തെക്കാൾ അടിസ്ഥാനമാക്കേണ്ടത് പൊതുജനങ്ങളെ ആയിരിക്കണമെന്നും ഭരണകർത്താക്കൾ, ഉദ്യോഗസ്ഥമേധാവികൾ, നിയമവിദഗ്ധർ എന്നിവർ ജനങ്ങളിൽ നിന്നും വഴിമാറി ഭരണനിർവഹണവും നയരൂപവത്ക്കരണവും നടത്തുന്നത് അധികാരമേൽക്കോയ്മയുണ്ടാക്കുമെന്നും വികസന മുരടിപ്പിന് ആക്കം കൂട്ടുമെന്നും യു.എൻ.ഡി.പി. ആഗോള ജനാധിപത്യ ഭരണനിർവഹണ തലവൻ ഡോ. ജോൺ സാമുവേൽ പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാല കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് റിലേഷൻസും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും സംയുക്തമായി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡിപ്പാർട്ട്മെന്റിൽ സംഘടിപ്പിച്ച 'ഭരണനിർവഹണവും നയരൂപവത്ക്കരണവും' എന്ന പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ ഭരണനിർവഹണ നയരൂപവത്ക്കരണ സംവിധാനങ്ങളുടെ പോരായ്മകൾ വിശകലനം നടത്തിയും ആഗോള ജനാധിപത്യ ഭരണനിർവഹണ രംഗത്തെ നൂതന പ്രവണതകൾ പരാമർശിച്ചും രാജ്യവികസനത്തിനുള്ള മാർഗങ്ങൾ അദ്ദേഹം വിശദീകരിച്ചു. പ്രൊഫ. കെ.എം. സീതി, പ്രൊഫ. (ഡോ) മാത്യു കുര്യൻ, ഡോ. അജയ് എം.ജി., ഡോ. എസ്. മുരളീധരൻ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/2015/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 14

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി-2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ഡിസംബർ ആറുമുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2008/2019)

മൂന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 11 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2009/2019)

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിനു കീഴിലുള്ള സ്ഥാപനങ്ങളിലെയും മൂന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷ ഡിസംബർ ഒൻപതിന് നടക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/2010/2019)

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ റീഅപ്പിയറൻസ്) നവംബർ 2019 പരീക്ഷകൾ നവംബർ 27 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/2011/2019)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എഡ്. സ്പെഷൽ എജ്യൂക്കേഷൻ ഇന്റലക്ച്വൽ ഡിസെബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 18ന് മൂവാറ്റുപുഴ നിർമലസദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷൽ എജ്യൂക്കേഷനിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2012/2019)

## വൈവാവോസി

ഒന്നാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ) നവംബർ 2019 പരീക്ഷയുടെ വൈവാവോസി നവംബർ 15 മുതൽ 20 വരെ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2013/2019)

## സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്; ഉപവരണാധികാരികളെ നിയമിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ 2018-2019 എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പിന്റെ ഉപവരണാധികാരികളായി ബാബുരാജ് എ. വാരിയർ, ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്), ജെസി ജോൺ, അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്) എന്നിവരെ നിയമിച്ചു.

(പി.ആർ.ഒ/39/2014/2019)

## മെച്ചപ്പെട്ട ഭരണനിർവഹണത്തിനും നയരൂപവത്ക്കരണത്തിനും പ്രഥമ പരിഗണന പൊതുജനങ്ങൾക്കായിരിക്കണം; ഡോ. ജോൺ സാമുവേൽ

ജനാധിപത്യ സർക്കാരുകൾ നിയന്ത്രിത പരീക്ഷണശാലകളിലെ സാമൂഹ്യ-അവലോകനത്തെക്കാൾ അടിസ്ഥാനമാക്കേണ്ടത് പൊതുജനങ്ങളെ ആയിരിക്കണമെന്നും ഭരണകർത്താക്കൾ, ഉദ്യോഗസ്ഥമേധാവികൾ, നിയമവിദഗ്ധർ എന്നിവർ ജനങ്ങളിൽ നിന്നും വഴിമാറി ഭരണനിർവഹണവും നയരൂപവത്ക്കരണവും നടത്തുന്നത് അധികാരമേൽക്കോയ്മയുണ്ടാക്കുമെന്നും വികസന മുരടിപ്പിന് ആക്കം കൂട്ടുമെന്നും യു.എൻ.ഡി.പി. ആഗോള ജനാധിപത്യ ഭരണനിർവഹണ തലവൻ ഡോ. ജോൺ സാമുവേൽ പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാല കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് റിലേഷൻസും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും സംയുക്തമായി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡിപ്പാർട്ട്മെന്റിൽ സംഘടിപ്പിച്ച 'ഭരണനിർവഹണവും നയരൂപവത്ക്കരണവും' എന്ന പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ ഭരണനിർവഹണ നയരൂപവത്ക്കരണ സംവിധാനങ്ങളുടെ പോരായ്മകൾ വിശകലനം നടത്തിയും ആഗോള ജനാധിപത്യ ഭരണനിർവഹണ രംഗത്തെ നൂതന പ്രവണതകൾ പരാമർശിച്ചും രാജ്യവികസനത്തിനുള്ള മാർഗങ്ങൾ അദ്ദേഹം വിശദീകരിച്ചു. പ്രൊഫ. കെ.എം. സീതി, പ്രൊഫ. (ഡോ) മാത്യു കുര്യൻ, ഡോ. അജയ് എം.ജി., ഡോ. എസ്. മുരളീധരൻ എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/2015/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ